**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി - 2018-19 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി അനുവദിച്ചിട്ടുള്ളതും ട്രിഡയുടെ PSTSB അക്കൗണ്ടിൽ ശേഷിക്കുന്നതുമായ തുക, 2019-20 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2383/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/10/2019

---

പരാമർശം:- 1 സ.ഉ.(സാധാ) നം. 9/2019/തസ്വഭവ തീയതി 03.01.2019

2 സ.ഉ (സാധാ) നം.576/2019/തസ്വഭവ തീയതി 08.03.2019

3 തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 14/06/2019, 07/09/2019 എന്നീ തീയതികളിലെ എഫ്3-1539/17/ട്രിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം വികസന അതോറിറ്റിക്ക് 2018-19ലെ സംസ്ഥാന ബഡ്ജറ്റിൽ '2217-05-191-36 (P)' എന്ന കണക്കുശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നും ചാല കൊമേർഷ്യൽ കോംപ്ലക്സിന് 10 കോടി രൂപയും, മെഡിക്കൽ കോളേജിലെ ബസ് സ്റ്റാൻഡിന് 32,69,850/- രൂപയും പരാമർശം (1) പ്രകാരം അനുവദിക്കുകയും പരാമർശം (2) പ്രകാരം പ്രസ്തുത തുക പി.എസ്.റ്റി.എസ്.ബി. അക്കൗണ്ട് നം. 79902700001484-ൽ ക്രഡിറ്റ് ചെയ്യുന്നതിന് നഗരകാര്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

(2). 2018-19ൽ അനുവദിച്ച തുക 26.3.2019ൽ മാത്രമാണ് ട്രിഡയുടെ പി.എസ്.റ്റി.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ളതെന്നും, 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ ട്രഷറി ബില്ലുകൾ മാറാൻ കഴിയാതെ വരികയും അടുത്ത സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ബില്ലുകൾ മാറി നൽകുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 6,45,56,575/- രൂപയാണ് ശേഷിക്കുന്നതെന്നും തുക ലഭ്യമാകുന്നത് താമസിച്ചതിനാൽ ലക്ഷ്യമിട്ടിരുന്ന പ്രകാരത്തിൽ 2018-19ൽ ചാല വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ സാധിച്ചിരുന്നില്ലെന്നും ആയതിന്റെ പ്രവൃത്തികൾ ഇപ്പോൾ അവസാന ഘട്ടത്തിലാണെന്നും അതിനാൽ 2018-19 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള ട്രിഡയുടെ പി.എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ ശേഷിക്കുന്ന തുക 2019-20 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-19 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളതും ട്രിഡയുടെ പി.എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ തിരിച്ചടക്കാതെ ശേഷിക്കുന്നതുമായ 6,45,56,575/- രൂപ 2019-20 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിന്, ട്രി

തുക പൂർണ്ണമായി വിനിയോഗിച്ച ശേഷം മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ധനകാര്യ (ഡെവലപ് മെൻറ് ) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ